നെടുമങ്ങാട് മോട്ടോർ ആക്സിഡന്റ്സ് ക്ലെയിംസ് ട്രൈബ്യൂണൽ

48 (T 7607) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് കേന്ദ്രമായി പുതുതായി മോട്ടോർ ആക്സിഡന്റ്സ് ക്ലെയിംസ് ട്രൈബ്യൂണൽ തുടങ്ങുന്നതിനായി നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) നെടുമങ്ങാട് എം.എ.സി.ടി. തുടങ്ങുന്നത് സംബന്ധിച്ച് ഹൈക്കോടതി സർക്കാരിന് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എത്ര തസ്തികകൾ വേണമെന്നാണ് നിർദ്ദേശമുള്ളത് ;

(ഡി) ആവശ്യമായ തസ്തികകൾ അനുവദിച്ച് നെടുമങ്ങാട് എം.എ.സി.ടി. തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള ഹൈക്കോടതി രജിസ്ട്രാർക്ക് ലഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) 34.

(ഡി) ഈ വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

കെ.എസ്.സി.എസ്.റ്റി.ഇ. പദ്ധതി

49 (7608) ശ്രീ. കെ. മുരളീധരൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പാലോട് രവി :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവിഭാഗങ്ങളിൽപ്പെടുന്ന ശാസ്ത്രാദ്ധ്യാപകർക്കും ശാസ്ത്രജ്ഞൻമാർക്കുമായി കെ.എസ്.സി.എസ്.റ്റി.ഇ. പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ ;

(ഡി) പ്രസ്തുത പദ്ധതിക്ക് എത്ര കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി-ഡി) ബാധകമല്ല.

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly